പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 825 | 14-10-2026-ൽ മറുപടിയ്ക്ക്

<u>വനപാലകർക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വനപാലകർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ആധുനിക ആശയവിനിമയ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; വന്യജീവി നിരീക്ഷണത്തിനായി ഡ്രോൺ, ക്യാമറ ട്രാപ്പ്, എ.ഐ. അധിഷ്ഠിത സംവിധാനങ്ങൾ എന്നിവ കൂടുതൽ വ്യാപിപ്പിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് വനപാലകർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെയും ആർ.ആർ.ടി (RRT) കളെ ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി, കിഫ്ബി (KIIFB) ഫണ്ട് ഉപയോഗിച്ച് 25 ആർ.ആർ.ടി കൾക്കായി 50 എണ്ണം 12-ബോർ പമ്പ് ആക്ഷൻ തോക്കുകളും, 4,642 തിരകളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, വന്യജീവി നിരീക്ഷണത്തിനായി വിവിധ വനം ഡിവിഷനുകളിൽ 43 ഡേലൈറ്റ് പേലോഡുകളോടുകൂടിയ സ്റ്റാൻഡേർഡ് ഡ്രോണുകളും നൽകിയിട്ടുണ്ട്. ജനവാസ മേഖലകളിലേക്ക് എത്തുന്ന വന്യമൃഗങ്ങളെ തിരികെ വനത്തിലേക്ക് സുരക്ഷിതമായി എത്തിക്കുന്നതിന്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത സംവിധാനങ്ങളോടുകൂടിയ 267 അലർട്ട് സിസ്റ്റങ്ങൾ നോർത്ത് വയനാട്, സൗത്ത് വയനാട്, വയനാട് വൈൽഡ് ലൈഫ് എന്നീ ഡിവിഷനുകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും കരാറുകാർക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇതിന്റെ installation പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ പുരോഗമിച്ചുവരുന്നു.

**(ബി)** വനപാലകരുടെ ജോലിഭാരം കുറയ്ക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

**<u>മറുപടി:</u>** വനപാലകരുടെ ജോലിഭാരം കുറയ്ക്കുന്നതിന് ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. വന സംരക്ഷണ പ്രവർത്തനങ്ങൾ M-STRIPES എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് വരുന്നു. കൂടാതെ വയർലെസ്, വയർലെസ് ഘടിപ്പിച്ച വാഹനങ്ങൾ, ആയുധങ്ങൾ എന്നിവയും നൽകി വരുന്നുണ്ട്. വനം വകുപ്പിന്റെ ദുരന്തനിവാരണ ഏകോപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി State Forest Emergency Operations Centre (SFEOC), Divisional Forest Emergency Operations Centres (DFEOC) യുടെ ആവശ്യത്തിനായി 56 സാറ്റലൈറ്റ് ഫോണുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**(സി)** വനമേഖലകളിലെ റോഡുകൾ, വാഹനങ്ങൾ, വാച്ച് ടവറുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, വാർത്താവിനിമയ മാർഗ്ഗങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** വനമേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായും, വനസംരക്ഷണവും ഫീൽഡ് പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിനായും റോഡുകളുടെ പരിപാലനം, വകുപ്പുതല കെട്ടിടങ്ങളുടെയും മറ്റ് സംരക്ഷണ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം, ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കൽ, വാർത്താവിനിമയ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**